**ടെലികോം മന്ത്രിയായി ചുമതലയേറ്റ ശ്രീ. രവിശങ്കർ പ്രസാദിന് ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ നൽകിയ കത്ത്.**

To

ശ്രീ.രവിശങ്കർ പ്രസാദ്ജി
ബഹു:വാർത്താവിനിമയ വകുപ്പു മന്ത്രി,
സഞ്ചാർഭവൻ,
20, അശോക റോഡ്,
ന്യൂഡെൽഹി-110001.

സർ,

വിഷയം: ബി.എസ്സ്.എൻ.എല്ലിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട സുപ്രധാന പ്രശ്നങ്ങൾ.

കേന്ദ്ര വാർത്താവിനിമയ-വിവര സാങ്കേതികവിദ്യ വകുപ്പു മന്ത്രിയായി താങ്കൾ അധികാരമേറ്റതിൽ ബി.എസ്സ.എൻ.എല്ലിലെ മുഖ്യപ്രാതിനിധ്യ യൂണിയൻ എന്ന നിലയിൽ ആദ്യമേതന്നെ താങ്കളെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുന്നു. ദേശീയ താത്പര്യം മുൻനിർത്തി ബി.എസ്സ്.എൻ.എല്ലിനേയും എം.ടി.എൻ.എല്ലിനേയും ആരോഗ്യപൂർണ്ണമായി, നിലനിർത്തുമെന്ന താങ്കളുടെ പ്രസ്താവനയെ അങ്ങേയറ്റം വിലമതിക്കുന്നു. ബി.എസ്സ്.എൻ.എല്ലും എം.ടി.എൻ.എല്ലും കൂടുതൽ പ്രൊഫഷണലും മത്സരോന്മുഖവും ആയി മാറണമെന്ന നിലപാടിനേയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ തവണ താങ്കൾ വാർത്താ വിനിമയ-ഐടി മന്ത്രിയായിരുന്ന കാലയളവിൽ 2004 മുതലുള്ള പത്തുവർഷക്കാലം ബി.എസ്സ്.എൻ.എല്ലിനെ വളരാൻ അനുവദിച്ചില്ല എന്ന താങ്കളുടെ പ്രസ്താവന ഈ അവസരത്തിൽ ഞങ്ങൾ ഓർക്കുന്നു. ബി.എസ്സ്.എൻ.എല്ലിനെ ശക്തിപ്പെടുത്താനുള്ള എല്ലാ പ്രവർത്തനങ്ങളിലും താങ്കളുടെ കരങ്ങൾക്കു ശക്തിപകരാൻ ഞങ്ങൾ ഒരുക്കമാണെന്ന് ഉറപ്പു നൽകുന്നു.

റിലയൻസ് ജിയോയുടെ വഞ്ചനാപരമായ വിലനിർണ്ണയരീതി കാരണം സ്വകാര്യ ടെലികോം കമ്പനികൾ ഉൾപ്പെടെ ഞെരുക്കത്തിലാണെന്ന വസ്തുത ഇവിടെ എടുത്തുപറയേണ്ടതാണ് ഇതുകാരണം എയർടെൽ, വോഡഫോൺ, ഐഡിയ എന്നിവ ഉൾപ്പെടെ എല്ലാ ടെലികോം സേവനദാതാക്കളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഇത്തരം പ്രയാസങ്ങൾ നേരിടുന്നുണ്ടെങ്കിലും റിലയൻസ് ജിയോ കഴിഞ്ഞാൽ പ്രതിമാസം മൊബൈൽ ഉപഭോക്തൃ അടിത്തറ ക്രമാനുഗതമായി ഉയർത്തിക്കൊണ്ടുവരുന്നത് ബി.എസ്സ്.എൻ.എൽ. മാത്രമാണ്. ഈ സാഹചര്യങ്ങളിൽ ബി.എസ്സ്.എൻ.എല്ലിന്റെ സാമ്പത്തിക ആരോഗ്യനില പുന:സ്ഥാപിക്കുന്നതിന് കമ്പനിക്ക് 4 ജി സ്പെക്ട്രം അനവദിക്കുന്നത് അനിവാര്യമാണന്ന് ഊന്നിപ്പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

2000 സെപ്തംബറിൽ ബി.എസ്സ്.എൻ.എൽ രൂപീകരണത്തിന്റെ തലേദിവസം കേന്ദ്രകാബിനറ്റ് കൈക്കൊണ്ടവയും എന്നാൽ ഇതുവരെ നടപ്പിലാക്കാത്തവയും ആയ

രണ്ടു തീരുമാനങ്ങൾ ഇപ്പോൾ താങ്കളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് ഞങ്ങളുടെ കടയമാണെന്ന് ഞങ്ങൾ കരുതുന്നു. ഈ രണ്ടു തീരുമാനങ്ങളും ബി.എസ്സ്.എൻ.എല്ലിന്റെ സാമ്പത്തിക പുനരുദ്ധാരണത്തിന്റെ ആവശ്യഘടകങ്ങളാണ്. ഒന്നാമത്തെ തീരുമാനം ബി.എസ്സ്.എൻ.എല്ലിന്റെ സാമ്പത്തിക ഭദ്രത നിലനിർത്താൻ സർക്കാർ പരമാവധി പരിശ്രമിക്കും എന്നതാണ്. ഈ തീരുമാനം രൂപത്തിലും ഉള്ളടക്കത്തിലും നടപ്പിലാക്കപ്പെടേണ്ടതാണ്. എന്നത് പ്രത്യേകം എടുത്തുപറയേണ്ട ആവശ്യമില്ല. രണ്ടാമത്തെ തീരുമാനം ടെലികോം വകുപ്പിന്റെ ആസ്തികളും, ബാദ്ധ്യതകളും ബി.എസ്സ്.എൻ.എല്ലിനു കൈമാറും എന്നതാണ്. എന്നാൽ ബാധ്യതകളെല്ലാം ബി.എസ്സ്.എൻ.എല്ലിനു കൈമാറിയെങ്കിലും ആസ്തികൾ ഇതുവരെ കൈമാറിയിട്ടില്ല. ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് അപേക്ഷിക്കുന്നു.

ബി.എസ്സ്.എൻ.എല്ലിന്റെ സാമ്പത്തികാരോഗ്യം വീണ്ടെടുക്കുന്നതിനായി വോളന്ററി റിട്ടയർമെന്റ് സ്കീം (വി.ആർ.എസ്സ്) നടപ്പിലാക്കുന്നതിനും വിരമിക്കൽ പ്രായം 60 ൽ നിന്ന് 58 ആയി കുറയ്ക്കുന്നതിനും വേണ്ടി ഡിഒടിയും, ബി.എസ്സ്.എൻ.എൽ. മാനേജ്മെന്റും ചേർന്നു നടത്തുന്ന നീക്കങ്ങളിലേക്ക് താങ്കളുടെ അനുഭാവപൂർവ്വകമായ ശ്രദ്ധ ക്ഷണിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇപ്പോഴുള്ള മൊത്തം 1,65,657 ജീവനക്കാരിൽ 79,295 പേരും അടുത്ത നാലുവർഷത്തിനുള്ളിൽ അതായത് 2,024 ഓടുകൂടി സ്വാഭാവികമായിത്തന്നെ പിരിഞ്ഞുപോകാനിരിക്കെ ഇപ്പോൾ തിടുക്കത്തിൽ വി.ആർ.എസ്സ് നടപ്പാക്കേണ്ടതിന്റെ പിന്നിലുള്ള യുക്തി എന്താണെന്ന് മനസ്സിലാക്കുന്നില്ല. അതുപോലെ 2000-ൽ അന്നു നിലവിലുണ്ടായിരുന്ന അംഗീകൃത ഫെഡറേഷനുകൾക്ക് സർക്കാർ നൽകിയ ഉറപ്പനുസരിച്ച് വിരമിക്കൽ പ്രായത്തെ സംബന്ധിച്ച സർക്കാർ നിയമങ്ങൾ മാത്രമേ ബി.എസ്സ്.എൻ.എൽ ജീവനക്കാർക്കും ബാധകമാക്കുകയുള്ളൂ. ഇക്കാര്യങ്ങളും താങ്കൾ ദയവായി പരിശോധിക്കണമെന്ന് അപേക്ഷിക്കുന്നു.

ബി.എസ്സ്.എൻ.എല്ലിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട മറ്റൊരു വസ്തുത കൂടിയുണ്ട്. കമ്പനിക്ക് രാജ്യത്തുടനീളം വ്യാപിച്ചു കിടക്കുന്നതും 1 ലക്ഷം കോടി രൂപ വിലമതിക്കുന്നതുമായ ഒഴിഞ്ഞ ഭൂമിയുണ്ട്. ഈ ഭൂമി വാടകയ്ക്കോ പാട്ടത്തിനോ നൽകിയാൽ 5000 കോടി മുതൽ 10000 കോടി രൂപ വരെ വാർഷിക വരുമാനം ലഭിക്കുമെന്ന് ബി.എസ്സ്.എൻ.എൽ.തന്നെ കണക്കാക്കിയിട്ടുണ്ട്. ഈ തരിശുഭൂമി മോണിട്ടൈസ് (പണമാക്കി മാറ്റുന്നതിന്) ചെയ്യുന്നതിന് ഡിഒടി ഇതുവരെ അംഗീകാരം നൽകിയിട്ടില്ല. അതുപോലെ പെൻഷൻ കോൺട്രീബ്യൂഷനെ സംബന്ധിച്ച ഭാരതസർക്കാർ നിയമം ബി.എസ്സ്.എൻ.എല്ലിന്റെ കാര്യത്തിൽ ഇതുവരെ നടപ്പാക്കിയിട്ടില്ല. തത്ഫലമായി ഭീമമായ തുകയാണ് ബി.എസ്സ്.എൻ.എല്ലിൽ നിന്ന് പെൻഷൻ കോൺട്രീബ്യൂഷന്റെ പേരിൽ അധികമായി പ്രതിവർഷം സർക്കാർ ഈടാക്കുന്നത്. ഈ കാര്യങ്ങളിൽ എത്രയും വേഗം ഡിഒടി ഒരു തീരുമാനം കൈക്കൊള്ളുന്നത്. ബി.എസ്സ്.എൻ.എല്ലിന്റെ സാമ്പത്തിക പുനരുദ്ധാരണം ഉറപ്പുവരുത്തുന്നതിന് ഏറെ സഹായകമാകും.

അവസാനമായി പറഞ്ഞുകൊള്ളട്ടെ, ബി.എസ്സ്.എൻ.എൽ ജീവനക്കാരുടെ മൂന്നാം ശമ്പള പരിഷ്ക്കരണവും വിരമിച്ചവരുടെ പെൻഷൻ പരിഷ്ക്കരണവും ജീവനക്കാരുടേയും പെൻഷൻകാരുടേയും മനസ്സിനെ അലട്ടുന്ന പ്രശ്നമാണ്. ഈ രണ്ടു പ്രശ്നങ്ങളിലും എത്രയും വേഗം, അനുകൂല തീരുമാനം ഉണ്ടാക്കുന്നത്, എക്സിക്യൂട്ടീവ്, നോൺ എക്സിക്യൂട്ടീവ് ജീവനക്കാരെ കൂടുതൽ പ്രചോദിതരാക്കുവാനും അതുവഴി അധികമായുണ്ടാകുന്ന അവരുടെ പ്രയത്നം ബി.എസ്സ്.എൻ.എല്ലിന്റെ പുനരുദ്ധാരണത്തിനുവേണ്ടി പ്രയോജനപ്പെടുത്താനും കഴിയും.

ഈ പ്രശ്നങ്ങൾ അനുകമ്പാപൂർവ്വം പരിശോധിച്ച് അനുകൂലമായ ഒരു തീരുമാനം ഉറപ്പുവരുത്തണമെന്ന് അപേക്ഷിക്കുന്നു.

നന്ദി,

വിശ്വസ്തതയോടെ,

Sd/-

(പി.അഭിമന്യൂ)
ജനറൽ സെക്രട്ടറി.